# ശ്രീലങ്കൻ പ്രധാനമന്ത്രിയുടെ ഇന്ത്യാ സന്ദർശനം (ഒക്ടോബർ 4-6, 2016)

ഒക്ടോബർ 03, 2016

ശ്രീലങ്കയുടെ പ്രധാനമന്ത്രി ഹിസ് എക്സലൻസി റാനിൽ വിക്രമസിംഹ, ഒക്ടോബർ ആറിന് (ഒക്ടോബർ 06,2016) ഇന്ത്യ സാമ്പത്തിക ഉച്ചകോടി (ഇന്ത്യ ഇക്കണോമിക് സമ്മിറ്റിൽ ) ഉദ്ഘാടന സമ്മേളനത്തിൽ കേന്ദ്ര വ്യവസായ -വ്യാപാര വകുപ്പ് സഹമന്ത്രി ശ്രീമതി നിർമല സീതാരാമനൊപ്പം പങ്കെടുക്കും . ഒക്ടോബർ ആറിന് നടക്കുവാനിരിക്കുന്ന സാമ്പത്തിക ഉച്ചകോടിയിൽ പങ്കെടുക്കുന്ന പ്രതിനിധികളെ ശ്രീലങ്കയുടെ പ്രധാനമന്ത്രി നയിക്കും.

സന്ദർശനത്തോട് അനുബന്ധിച്ച് ശ്രീലങ്കയുടെ പ്രധാനമന്ത്രി ഇന്ത്യയുടെ രാഷ്ട്രപതി ഹിസ് എക്സലൻസി ശ്രീ പ്രണബ് മുഖർജിയുമായി കൂടിക്കാഴ്ച നടത്തും . സന്ദർശനം നടത്തുന്ന വിശിഷ്ടാതിഥിക്കായി പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ഒരു ഉച്ചയൂണ് സൽക്കാരത്തിന് ആതിഥ്യം വഹിക്കും . ശ്രീലങ്കയുടെ പ്രധാനമന്ത്രിയുമായി കേന്ദ്ര വിദേശകാര്യ വകുപ്പ് മന്ത്രി ശ്രീമതി സുഷമ സ്വരാജ് കൂടിക്കാഴ്ച നടത്തും

അദ്ദേഹത്തിന്റെ മറ്റ് കൂടിക്കാഴ്ചകളിൽ ആഭ്യന്തര മന്ത്രി , റോഡ് ഗതാഗതം & ഹൈവേ മന്ത്രി& ഷിപ്പിംഗ് മന്ത്രി , പെട്രോളിയം & പ്രകൃതി വാതക മന്ത്രി, ദേശീയ സുരക്ഷ ഉപദേഷ്ടാവ് എന്നിവരുമായുള്ള ചർച്ചകൾ ഉൾപ്പെടുന്നു
ശ്രീലങ്കൻ പ്രധാനമന്ത്രിക്കൊപ്പം അദ്ദേഹത്തിന്റെ പത്നി പ്രൊഫ. മൈത്രീ വിക്രമസിംഹ, പ്രധാനപ്പെട്ട വകുപ്പ് മന്ത്രിമാരും ഉദ്യോഗസ്ഥരും അനുഗമിക്കും

ന്യൂഡെൽഹി
ഒക്ടോബർ 03, 2016